# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5737

02/07/2014 - ൽ മറുപടിക്ക്

### ദേശീയ ജലപാതയിലെ ചരക്ക് കയറ്റിറക്ക് ടെർമിനലുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ. അസീസ് | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിൽ ബാർജുകളിൽ ചരക്കുകൾ കയറ്റിറക്ക് നടത്തുന്നതിന് ഏതൊക്കെ സ്ഥലങ്ങളെയാണ് തീരുമാനിച്ചിട്ടുളളത് എന്ന് അറിയിക്കുമോ; | (എ) | കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിൽ ബാർജുകളിൽ ചരക്കുകൾ കയറ്റിറക്ക് നടത്തുന്നതിന് തീരത്ത് നിലവിൽ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) 9 ടെർമിനലുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ ഇവിടെയൊക്കെയാണ്.<br>1) കോട്ടപ്പുറം<br>2) ആലുവ<br>3) മരട്<br>4) വൈക്കം<br>5) തണ്ണീർമുക്കം<br>6) ആലപ്പുഴ<br>7) തൃക്കുന്നപ്പുഴ<br>8) ആയിരംതെങ്ങ് (കായംകുളം)<br>9) കൊല്ലം.<br>രണ്ടാം ഘട്ടമായി കാക്കനാടും ചവറയിലും ഓരോ ടെർമിനലുകൾ നിർമ്മിക്കുവാൻ നടപടി IWAI സ്വീകരിക്കുന്നതാണ്. ഇതിനുപുറമെ ബോൾഗാട്ടിയിലും വെല്ലിംഗ്ടൺ ദ്വീപിലും ടെർമിനൽ സൗകര്യം ലഭ്യമാണ്. |
| (ബി) പ്രസ്തുത സ്ഥലങ്ങളിൽ യന്ത്രവൽകൃത കയറ്റിറക്ക് സംവിധാനം സ്ഥാപിക്കുന്നുണ്ടോ; | (ബി) | ആലപ്പുഴ ഒഴികെ മറ്റെല്ലാ ടെർമിനലുകളിലും യന്ത്രവൽകൃത കയറ്റിറക്ക് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. |

(സി) പ്രസ്തുത ജലപാത എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(സി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ **IWAI** വഴി 2014 ഡിസംബറിൽ പണി പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ